LIBRARY ARCHIVES Kerala Legislative Assembly

നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കുവാൻ 24-5-2021-ലെ സർക്കുലർ നമ്പർ 44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തിവരികയുംചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹു. മുഖ്യമന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്.

ഭക്ഷ്യസുരക്ഷാ ഓഫീസർ

42(5197) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

(എ&ബി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലില്ല. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ അമരവിള,

LIBRARY ARCHIVES Kerala Legislative Assembly

ആര്യങ്കാവ്, വാളയാർ എന്നീ 3 ചെക്ക് പോസ്റ്റുകളിലേയ്ക്കായി ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 3 അധിക തസ്തികകൾക്കൂടി ആവശ്യപ്പെട്ട് 2021 ഫെബ്രുവരിയിൽ ഭരണവകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. ആയത് ധനവകുപ്പിൽ പരിശോധിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്കായി 411 അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2021 ഫെബ്രുവരിയിൽ ഭരണവകുപ്പ് ലഭ്യമാക്കിയ മറ്റൊരു ശിപാർശയിൽ 298 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകൾ ഉൾപ്പെട്ടിരുന്നു. ശിപാർശ പരിശോധിച്ച് സാങ്കേതിക വിഭാഗത്തിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും ഏറ്റവും അത്യാവശ്യമുള്ള തസ്തികകൾ മാത്രം ഉൾപ്പെടുത്തി ഉന്നതതല ശിപാർശയോടെ ഫയൽ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

43(5198) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പിൽ ലഭിച്ച 25 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിലുള്ള ഫയലിൽ അഭിപ്രായം രേഖപ്പെടുത്തി നികുതി വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

(ബി) ഏകദേശം എഴുനൂറ്റി അമ്പത്തിയഞ്ചോളം വാഹനങ്ങളുള്ള എക്സൈസ് വകുപ്പിൽ നിലവിൽ ഇരുനൂറ്റി എഴുപത്തിയേഴ് ഡ്രൈവർ തസ്തികകൾ മാത്രമേയുള്ളൂ എന്നതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ഫയൽ അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

എക്സൈസ് വകുപ്പിലെ ഏകദേശം 755-ഓളം വാഹനങ്ങളിൽ 388 എണ്ണം ഇരുചക്ര വാഹനങ്ങളാണ്. ആയതിനാൽ പ്രസ്തുത വാഹനങ്ങൾക്ക് ഡ്രൈവർ തസ്തിക ആവശ്യമില്ല. എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിശോധിക്കുന്നതാണ് .